നം:ICDS.A2-7178/15

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി 24.3.2017.

സാമൂഹ്യക്ഷേമ ഡയറക്ടർ

പ്രോഗ്രാം ഓഫീസർ,
കണ്ണൂർ.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - സംയോജിത ശിശുവികസന പദ്ധതി - 5 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ ആധാർ എൻറോൾമെന്റ് റിപ്പോർട്ടിലെ വ്യതിയാനം - സംബന്ധിച്ച്.

സൂചന :- കണ്ണൂർ പി.ഒ. യുടെ ഫെബ്രുവരി മാസത്തെ ആധാർ പുരോഗതി റിപ്പോർട്ട്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 5 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ ആധാർ എൻറോൾമെന്റുമായി ബന്ധപ്പെട്ട് ഫെബ്രുവരി മാസത്തെ പുരോഗതി റിപ്പോർട്ട് മുൻമാസത്തെ റിപ്പോർട്ടുമായി താരതമ്യം ചെയ്തതിൽ റിപ്പോർട്ടിംഗിൽ പിശക് വന്നിട്ടുള്ളതായി കാണുന്നു. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആധാർ സ്റ്റാറ്റസ് റിപ്പോർട്ട് ( as on 9.3.17) | 7.9.16 ലെ വീഡിയോ കോൺഫറൻസിൽ റിപ്പോർട്ട് ചെയ്ത വിവരങ്ങൾ | വ്യതിയാനം |
|---|---|---|---|
| പ്രോജക്ട് പരിധിയിലുള്ള 0 - 5 കുട്ടികളുടെ എണ്ണം. | 184768 | 184768 | മാറ്റമില്ല. |
| നാളിതുവരെ ആധാർ എൻറോൾമെന്റ് നടത്തിയ കുട്ടികളുടെ എണ്ണം. | 104895 (56.7%) | 117921 (63.7%) | 13026 കുട്ടികൾ |
| ഇനിയും എൻറോൾമെന്റ് നടത്താനുള്ള കുട്ടികളുടെ എണ്ണം | 79873 | 66847 | 13026 |

PDF processed with CutePDF evaluation edition www.CutePDF.com

7..9..16 ലെ വീഡിയോ കോൺഫറൻസിൽ 63.8% ആധാർ പുരോഗതി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനതല വിവരങ്ങൾ സർക്കാരിലേയ്ക്ക് നല്കിയിരുന്നു. എന്നാൽ ഫെബ്രുവരി മാസത്തെ പുരോഗതി റിപ്പോർട്ട് പ്രകാരം 56.7% ആധാർ പുരോഗതി ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. സർക്കാരിലേയ്ക്കും ഐ.സി.ഡി.എസ്. മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി പോലുള്ള ഉന്നത കമ്മിറ്റികളിലേയ്ക്കും ഇത്തരത്തിൽ തെറ്റായ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് തികച്ചും നിരുത്തരവാദപരമായ നടപടിയായി കണക്കാക്കുന്നു.

അങ്കണവാടികൾ കേന്ദ്രീകരിച്ച് ആധാർ ക്യാമ്പുകൾ സംഘടിപ്പിക്കുവാനും ആയതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുവാനും അക്ഷയ കോ-ഓർഡിനേറ്റർ/ ജില്ലാ കളക്ടർമാരുമായി നിരന്തര സമ്പർക്കം പുലർത്തി 0 - 5 കുട്ടികളുടെ ആധാർ എൻറോൾമെന്റ് പൂർത്തീകരിക്കുന്നതിന് നിരവധി തവണ വീഡിയോ കോൺഫറൻസുകളിലൂടെയും കത്തുകളിലൂടെയും റിവ്യു മീറ്റിംഗുകളിലൂടെയും താങ്കൾക്ക് നിർദ്ദേശം നല്കിയിട്ടും സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ ആധാർ എൻറോൾമെന്റ് പുരോഗതിയുമായി താങ്കളുടെ ജില്ല നില്ക്കുന്നത് ടി വിഷയത്തിൽ താങ്കളുടെ അലംഭാവമാണ് സൂചിപ്പിക്കുന്നത്.

മേൽ സാഹചര്യത്തിൽ ടി വിഷയം സംബന്ധിച്ചുള്ള വിശദീകരണം ഒരാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കുന്നതിനും ജില്ലയിലെ ആധാർ എൻറോൾമെന്റ് 2017 ഏപ്രിൽ 15 നകം പൂർത്തീകരിക്കുവാൻ ആക്ഷൻ റിപ്പോർട്ട് തയ്യാറാക്കി അടിയന്തിരമായി സമർപ്പിക്കുന്നതിനും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

Aleyamma Varghese

സാമൂഹ്യക്ഷേമ ഡയറക്ടർ(ചുമതല)

ഈ.ജെ.25.3.17